സമാധാനത്തിനു വേണ്ടി ഒരു സമ്മേളനം

സമാധാനത്തിനും നിരായുധീകരണത്തിനും വേദിയൊരുക്കുന്ന ഒരു സംവിധാനമാണ് പഗ്‌വാഷ് സമ്മേളനം. കഴിഞ്ഞ ഓഗസ്റ്റിൽ ഹോളണ്ടിൽ ചേർന്ന പ്രസ്തുത സമ്മേളനത്തിന്റെ ഒരു അവലോകനം.

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ലോകത്തിലെ വിവിധ രാജ്യങ്ങളിലെ പ്രമുഖരായ ശാസ്ത്രകാരൻമാർ നിരായുധീകരണത്തെയും സമാധാന ഭദ്രതയെയും സംബന്ധിക്കുന്ന പ്രശ്നങ്ങൾ ആഴത്തിൽ പരിഗണിക്കാനും പരിചിന്തനയ്ക്കു വിധേയമാക്കാനും സമ്മേളിക്കുന്നതിനു വേദിയൊരുക്കുന്ന ഒരു സംവിധാനമാണു പഗ്‌വാഷ് സമ്മേളനങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്. ഇത്തരത്തിലുള്ള ആദ്യത്തെ സമ്മേളനം 1957 ജൂലൈ മാസത്തിൽ അമേരിക്കൻ ഐക്യനാടുകളിലെ നോവസ്കോഷ്യയിൽ ഉള്ള പഗ്‌വാഷ് ഗ്രാമത്തിൽ ചേരുകയുണ്ടായി. ആൽബർട്ട് ഐൻസ്റ്റയിൻ, ബർട്രാൻഡ് റസ്സൽ തുടങ്ങിയ ലോകമാനവൻമാരുടെ അഭ്യർത്ഥനയെ ആദരിച്ചാണ് അതു സംഘടിപ്പിക്കപ്പെട്ടതും സമ്മേളിച്ചതും; വിവിധരാജ്യങ്ങളിലെ പണ്ഡിതൻമാരും വിജ്ഞാനികളും സമാധാന പ്രേമികളും ആയുധീകരണ നിയന്ത്രണത്തെയും സമാധാന സ്ഥിരതയെയും ഉറപ്പുവരുത്തുവാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ച ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. അതുപോലെ ശാസ്ത്രജ്ഞൻമാരുടെ സാമൂഹ്യോത്തരവാദിത്വങ്ങളെക്കുറിച്ചും, ലോക സാമ്പത്തിക വളർച്ചയെ സംബന്ധിച്ചും, ജനപ്പെരുപ്പത്തെപ്പററിയും, പരിസരനശീകരണ നിയന്ത്രണത്തെക്കുറിച്ചും വിദഗ്ധമായ വിചിന്തനം നടത്തുവാൻ അവർ തയ്യാറായി. ആണ്ടുതോറുമെന്നോണം ഈ വിദഗ്ധ സമ്മേളനങ്ങൾ ചേരുക എന്നതാണ് ഇതിന്റെ അടിസ്ഥാന പദ്ധതി. പഗ്‌വാഷ് സമ്മേളനങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന ഈ സമ്മേളനങ്ങൾ ആരംഭിച്ചശേഷം നിരായുധീകരണത്തെയും മററുമുള്ള നിരവധി ആധികാരിക റിപ്പോർട്ടുകൾ പുറപ്പെടുവിക്കുകയുണ്ടായി. റഷ്യ, ഇംഗ്ളണ്ട്, യൂഗോസ്ളാവ്യ, ഇന്ത്യ, ചെക്കോസ്ളോവാക്യ, റുമേനിയ, സ്വീഡൻ, അമേരിക്കൻ ഐക്യനാടുകൾ തുടങ്ങിയ രാജ്യങ്ങളിൽ പഗ്‌വാഷ് സമ്മേളനങ്ങൾ ചേർന്നിട്ടുണ്ട്.

യുദ്ധംകൊണ്ട് ഒരു പ്രതിസന്ധിയും പ്രശ്നവും യഥാർത്ഥത്തിൽ പരിഹരിക്കപ്പെടുകയില്ലെന്ന സത്യം അംഗീകരിക്കുവാൻ ആധുനികശാസ്ത്രത്തിന്റെയും സാങ്കേതിക പുരോഗതിയുടെയും നേട്ടങ്ങൾ നിർബന്ധിതമാക്കുന്നുണ്ട്. ഈ പരിതസ്ഥിതിയിൽ ഒരു കക്ഷിക്കും യുദ്ധത്തിൽ വിജയം കൈവരാറുമില്ല. എല്ലാവരും ഒരു പോലെ പരാജിതരാകുകയാണ്. എങ്കിലും ആയുധ സജ്ജീകരണങ്ങൾക്കും സൈനികച്ചിലവുകൾക്കും മുടക്കുന്ന തുക ഭീമമായി ഓരോ രാജ്യത്തും വർദ്ധിക്കുന്നു. അവികസിതവും അൽപ വികസിതവും വികസിതവുമായ എല്ലാ രാജ്യങ്ങളിലെയും സ്ഥിതി ഇതുതന്നെ. അണുബോംബും അതുപോലെ അനവധി വജ്റായുധങ്ങളും ആയുധപ്പുരകളിൽ അട്ടിയടുക്കിവയ്ക്കുന്നവരാണ് ഈ രാജ്യങ്ങളധികവും. ലോകത്തിലെവിടെയും പാർക്കുന്ന ജനങ്ങൾക്കും വിപുലമായ വിപത്ത് വരുവാൻ ഏതു നിമിഷവും സാധ്യതയുണ്ട്. മനുഷ്യനുമാത്രമല്ല മററു ജീവജാലങ്ങൾക്കും വിനാശം വരുത്തുവാൻ ഈ ആയുധങ്ങൾക്കു കരുത്തുണ്ട്. ഈ സന്ദിഗ്ദ്ധാവസ്ഥയിൽനിന്നു മോചനമില്ലേ? ഈ ചോദ്യമാണു പഗ്‌വാഷ് ശാസ്ത്രജ്ഞൻമാർ മനുഷ്യ മനസ്സാക്ഷിക്കു മുമ്പിൽ ഉയർത്തുന്ന ചോദ്യം. സമാധാനകാംക്ഷികളും മനുഷ്യപ്രേമികളുമായ ഈ ശാസ്ത്രകാരൻമാരുടെ സമ്മേളനമാണ് ഈ രൂപത്തിൽ ഉയർത്തപ്പെടുന്ന ചോദ്യത്തിന്റെ അരങ്ങ്. മററു കോലാഹലങ്ങളുടെയിടയിൽ, ഇത്തവണയും, വിവേകത്തിന്റെ ശബ്ദം, കേൾക്കേണ്ടവർ ശ്രദ്ധിച്ചോ എന്നു സംശയമാണ്. കഴിഞ്ഞ ആഗസ്ററ് മാസം 20–26 വരെ തീയതികളിൽ ഹോളണ്ടിൽ ചേർന്നതു മുപ്പതാമത്തെ സമ്മേളനമായിരുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി നൂററിമുപ്പതിലധികം ശാസ്ത്രജ്ഞൻമാരും, ചിന്തകൻമാരും മററും അതിൽ സംബന്ധിച്ചു. നോബൽ സമ്മാനം നേടിയ മൂന്നുപേർ അതിൽ ഉൾപ്പെട്ടിരുന്നതും വിസ്മരിച്ചുകൂടാ. ഏററവും അധികം ആളുകൾ സോവിയററു യൂണിയൻ, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിൽ നിന്നായിരുന്നു. ഇത്തവണത്തെ പ്രത്യേകതകളിൽ ഒന്ന് ഏഷ്യ, ആഫ്രിക്ക, ലാററിൻ അമേരിക്ക എന്നിവിടങ്ങളിൽനിന്ന് വർദ്ധിച്ച തോതിൽ ആളുകൾ പങ്കെടുത്തതാണ്. മറെറാന്ന് റസ്സൽ–ഐൻസ്റ്റയിൻ മാനിഫെസ്റ്റോ എന്ന പ്രസിദ്ധമായ പ്രമാണത്തിന്റെ രജതജൂബിലിക്കായി ഒരു പൊതുസമ്മേളനം നീക്കിവച്ചതാണ്.

ആധുനിക ശാസ്ത്രത്തിന്റെ വിഭിന്ന മേഖലകളിൽ പ്രാഗൽഭ്യവും പ്രശസ്തിയും പ്രതിഷ്ഠിച്ചിട്ടുള്ള പ്രമുഖരുടെ സമ്മേളനമായതിനാൽ, യുദ്ധവും സമാധാനവും സംബന്ധിച്ച പ്രശ്നങ്ങളെ വിവിധ തലങ്ങളിൽ നിന്നുവീക്ഷിക്കുവാനും വിദഗ്ദ്ധ ശുപാർശകൾ ചെയ്യാനും സമ്മേളനത്തിനു സാധിക്കും. ഇങ്ങനെയുളവാകുന്ന ആശയ ധാരകളുടെ അടിസ്ഥാനത്തിൽ ബഹുജനജാഗ്രത ഉത്തേജിപ്പിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കേണ്ടത്. ഭരണാധികാരികളുടെ നയപരിപാടി രൂപവൽകരണത്തിലോ തീരുമാന നിർണ്ണയത്തിലോ പ്രത്യക്ഷമായ സ്വാധീനം ചെലുത്തുവാൻ, സാധാരണ നിലയിൽ ശാസ്ത്രകാരൻമാർക്കു സംഗതിയുണ്ടാകുകയില്ല. ആദർശാത്മകതയ്ക്കു മുൻതൂക്കം ഏറുന്ന സമീപനമാണ് ദീർഘദർശികളായ ശാസ്ത്രകാരൻമാർക്കുള്ളത്. ഇത് രാഷ്ട്രങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങളുമായി പൊരുത്തപ്പെട്ടുകൊള്ളണമെന്നു തീർച്ചയൊന്നുമില്ല.

ആയുധശേഖരങ്ങളോ, യുദ്ധസന്നദ്ധതയോ രാജ്യഭദ്രത ഉറപ്പുവരുത്തുന്നകാര്യങ്ങളായി കണക്കാക്കാൻ കഴിയാത്ത സാഹചര്യമാണ് ഇന്നുള്ളത്. അമിതമായ ആയുധങ്ങൾ ശേഖരിക്കാൻ ഉള്ള രാജ്യങ്ങളുടെ ഭദ്രതയ്ക്ക് അവരുടെ ആയുധശേഖരങ്ങൾതന്നെയാണ് ഭീഷണി ഉയർത്തുന്നത് എന്ന സത്യം ഇന്നത്തെ ഒരു വിരോധാഭാസംതന്നെ. അണ്വായുധ മിസൈലുകൾക്കെതിരായി എന്താണ് പ്രതിരോധം? ഒന്നുമില്ല. നാഡീവിഷവാതകത്തിനും, മഹാമാരി വിതയ്ക്കുന്ന ജൈവായുധങ്ങൾക്കുമെതിരായി എന്താണു രക്ഷ? ഒന്നുമില്ല.

ഒരു കാര്യം ഉറപ്പിക്കാം. ഇന്നത്തെ സാഹചര്യത്തിൽ ആയുധശേഖരം ആരെയും രക്ഷിക്കുവാൻ ശക്തമല്ല. രക്ഷിക്കാൻ കെൽപുള്ളത് ഒന്നേഒന്നുതന്നെ: സമാധാനം. സമാധാനവും ശാന്തിയും ഉറപ്പുനൽകുന്ന ഒരേഒരു യുക്തമായ നയം, നിരായുധീകരണവും അതോടൊപ്പമുള്ള യുദ്ധത്തിന്റെ ഉച്ചാടനവുമാണ്. ഭാവിയുടെ ഭദ്രത അതുകൊണ്ടു മാത്രമേ സ്ഥിരമാകൂ. ഇതാണു ബുദ്ധിയും യുക്തിയും അനുശാസിക്കുന്നത്. അതു ചെവിക്കൊള്ളുവാൻ മനുഷ്യൻ തയ്യാറാവുമോ എന്നുള്ളതാണ് ഇന്നത്തെ ഏററവും വലിയ വെല്ലുവിളി.

നിരായുധീകരണവും അതിനെത്തുടർന്നുണ്ടാകുന്ന ആയുധനിർമ്മാണ വ്യവസായങ്ങളുടെ അടച്ചുപൂട്ടലും, അത്യധികം സാമ്പത്തികക്കുഴപ്പങ്ങൾക്കും തൊഴിലില്ലായ്മയ്ക്കും വഴിയുണ്ടാക്കിയേക്കാമെന്നുള്ള ഭയം തികച്ചും അസ്ഥാനത്താണ്, യുക്തിരഹിതമാണ്. ലോകത്ത് ഇന്നു വിപുലമായി നാണയപ്പെരുപ്പവും ആഴമുള്ള വിഷമപ്രശ്നങ്ങളും ഉളവാക്കിക്കൊണ്ടിരിക്കുന്നത്, വികസിത രാജ്യങ്ങളിലെ ആയുധ നിർമ്മാണ സംരംഭങ്ങളിൽ നിക്ഷേപിക്കുന്ന വർദ്ധിച്ചുവരുന്ന മൂലധനമാണ്. നാണയപ്പെരുപ്പവും നാണ്യമൂല്യത്തകർച്ചയും സംഭവിക്കുന്നത്, കുറച്ചു വിഭവങ്ങളെ വളരെക്കൂടുതൽ പണം ഓടിച്ചിട്ടു പിടിക്കുവാൻ ശ്രമിക്കുന്ന ഉഗ്രമായ നടപടികൾ കൊണ്ടാണ്. ആയുധ നിർമ്മാണത്തിനു മുടക്കുന്ന പണം തൊഴിലില്ലായ്മാ പ്രശ്നത്തെ രൂക്ഷമാക്കുകയാണെന്ന സത്യം ആരും അറിയാറില്ല. അമേരിക്കൻ ഐക്യനാടുകളിലെ സർക്കാരിന്റെ ആധികാരികമായ കണക്കുകൾതന്നെ ഈ സത്യം സ്പഷ്ടമാക്കുന്നുണ്ട്. ആയിരം ദശലക്ഷം ഡോളർ ആയുധനിർമ്മാണത്തിനായി മുടക്കിയാൽ, അതുകാരണം ഉളവാകുന്ന തൊഴിലിന്റെ ആകെയെണ്ണം 78,000 ആയിരിക്കും. ഇതേസമയം ഇത്രയും തുക സമാധാനപരമായ, സൈന്യേതര വ്യവസായങ്ങളിൽ മുടക്കിയാൽ, അത് 1,10,000 സ്ത്രീപുരുഷൻമാർക്കു ജോലി സാധ്യതകൾ ഉറപ്പുവരുത്തും! ഈ കണക്കുകൾ സർക്കാരിന്റെ ആധികാരിക സ്ഥിതിവിവരങ്ങളിൽ നിന്നു സമ്പാദിച്ചവയാണ് എന്ന സംഗതി എടുത്തു പറയട്ടെ.

ഓരോ നിമിഷവും ഒരു ദശലക്ഷം ഡോളർ എന്ന കണക്കിലാണു ലോകത്തിലാകെ ഇന്ന് ആയുധീകരണ പ്രവർത്തനങ്ങൾക്കു പണം ചിലവിട്ടുകൊണ്ടിരിക്കുന്നത്! സമരതന്ത്രപ്രവീണനായിരുന്ന അമേരിക്കൻ പ്രസിഡൻറ് ഐസൻഹോവർ ഒരവസരത്തിൽ പറഞ്ഞ വാക്കുകളാണ് ഓർമ്മയിൽ ഓടിവരുന്നത്. അദ്ദേഹം പറഞ്ഞു: "ഓരോ പടക്കപ്പലും ഓരോ പോർവിമാനവും ഓരോ തോക്കും പശികൊണ്ടു പാടുപെടുന്ന പാവങ്ങൾക്കുതകേണ്ട വിഭവത്തിന്റെ മോഷണഫലമാണെന്നുള്ളത്, ശരിയായി വീക്ഷിക്കുമ്പോൾ കാണാവുന്ന സത്യമാണ്." ഇതു മനുഷ്യന്റെ വിവേകത്തോടുള്ള വെല്ലുവിളിയല്ലേ? അതുതന്നെയാണു മുപ്പതാമതു പഗ്‌വാഷ് സമ്മേളനം വീണ്ടും ചോദിച്ചിട്ടുള്ളത്.

—0—